

നവമാലിക
DIGITAL MAGAZINE
T.E.M.V.H.S.S MYLODE

# ആശംസ




## ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ രൂപകൽപ്പന ചെയ്ത ഡിജിറ്റൽ മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു .

# താളുകളിലൂടെ.........

ആശംസ....................................................................................2
പ്രവേശനോത്സവം....................................................................................6
നേത്രാംബു....................................................................................7
വിദ്യാരംഭം....................................................................................10
നീല സാഗരം....................................................................................12
കുറ്റവാസനകൾ ആധുനിക സമൂഹത്തിൽ....................................................................................15
' അമ്മ....................................................................................17
കടങ്കഥകൾ....................................................................................18
ചൊട്ടയിലെ ശീലം ചുടലവരെ....................................................................................19
ഗുരുദേവൻ....................................................................................20
....................................................................................20
....................................................................................21
പഠിക്കാനുള്ള മോഹം....................................................................................23
....................................................................................23
മദ്യം ഒരു സാമൂഹിക വിപത്ത്....................................................................................24
പാഠപുസ്തകം തുറക്കുമ്പോൾ....................................................................................25
കൈരളി....................................................................................27
ദാരിദ്ര്യത്തിന്റെ നിധി....................................................................................28
9 D പഠിക്കാനുള്ള മോഹം....................................................................................29
മെഗാത്തിരുവാതിര....................................................................................32
വിദ്യ....................................................................................33
വേനൽമഴ....................................................................................35
....................................................................................35
ജീവിതം....................................................................................36
അമ്മ....................................................................................37
മറക്കു...ആ ദുരന്തത്തെ....................................................................................39
സൗഹൃദം....................................................................................40
....................................................................................40
മദ്യം ഒരു സാമൂഹിക വിപത്ത്....................................................................................42

CHIEF EDITOR-

Abhimanyu.A

SUB EDITORS-

Muhammed Sidhique.N
Kishor Kumar.K
Amal Krishnan.U S
Asiya.A S
Fathima.N
Hisana.S N
Malavika.S
Sara Anna Wilson




Sreekutty. Sugathan
IX. E

# പ്രവേശനോത്സവം



# നേത്രാംബു

ജീവനെക്കാളേറെ സ്നേഹിച്ച പോയ

അമ്മയെ അവൾ പിരിയുവാനേറെ

വിഷമിക്കുന്നുണ്ടാവും.....

കാവിലിന്നും അവളെക്കാത്ത്

ഇന്നമൊരു, തിരിതെളിയിക്കാ നെത്തുമെന്നോർത്ത് ,

ഒരു നെയ് വിളക്ക്

കണ്ണിമിഴിക്കാൻ വഴിക്കണ്ണുമായ്

കാത്തുനിൽപ്പുണ്ടാവും.....

ഒരു നനുത്ത പാട്ടിന്ചെവിയോർത്ത്

ഒരോ കുഞ്ഞു മനസ്സും

അവളുടെ പേര് ഉരുവിടുന്നുണ്ടാവും.....

അവളുടെ മിനുത്ത കവിൾത്തടങ്ങളെ

മുകരുവാൻ കൊതിക്കുന്ന അമ്മ മനസ്

ദിനവും തേങ്ങുകയാവും....

മൗനം മുദ്രയാക്കിയാ അനിയത്തിപ്പെൺകിടാവ്

അലയടങ്ങാത്ത ഒരു കടലിനെ നെഞ്ചോരം ഒളിപ്പിക്കുന്നുണ്ടാവും...

അവളുടെ ഓരോ നെഞ്ഞിടിപ്പിലും

നില്ക്കാത്ത അഴലിൻ അലയൊലികൾ മുഴങ്ങുന്നുണ്ടാവും....

മുറ്റത്തെ ,അവളുടെ പിഞ്ചുകാലടികളെ മായ്ക്കാതെയൊരു നീർത്തുള്ളി...

വിതുമ്പിമാറി നില്ക്കുന്നുണ്ടാവും.....

ജ്വാലയായ് ഉയർന്നു പോയ ഓർമ്മകളിൽ വിതുമ്പിപ്പെയ്തു കൊണ്ട് .... **ജയാ പ്രസാദ്**



## അകാലത്തിൽ പൊലിഞ്ഞ നേത്രയ്ക്ക് ആദരാഞ്ജലികൾ



## വിദ്യാരംഭം

*വിദ്യകുറിച്ചുതുടങ്ങി  കുട്ടികൾ*
*വിദ്യകുറിച്ചുതുടങ്ങി*
*പിഞ്ചുകുട്ടികൾ  വിദ്യയുടെ പടികൾ കയറി*
*നാടെങ്ങും വിദ്യാരംഭം തുടങ്ങി .*
*കുട്ടികളുയുടെ കൈകൾ പിടിച്ചു  ഗുരുക്കൾ അക്ഷരം*
*പറഞ്ഞുകൂട്ടുക്കുകയായി .*
*ദേവിയുടെ അനുഗ്രഹത്താൽ കുട്ടികൾ*
*വിദ്യയുടെപടികയറി,*
*അവർ വിദ്യയുടെ പടികയറി*
*അങ്ങനെ  പുതിയ ഒരു തലമുറ കുടിവന്നെത്തി .*
*അമ്പലനടകളിൽ ഒരായിരം ബാല്യങ്ങൾ വിദ്യകുറിച്ചു തുടങ്ങി,*
*അവർ വിദ്യക്കുറിച്ചുതുടങ്ങി.*
*ഹരിശ്രീ ഗണപതയെ കുറിച്ചു  തുടങ്ങി*
*നാടെങ്ങും ഉത്സവമായി എല്ലായിടവും ഉത്സവമായി .*
*വിദ്യയയെതേടി  അറിവിനെതേടി  പോകുന്നു പിഞ്ചുബാല്യങ്ങൾ*
*അക്ഷരങ്ങൾ പഠിച്ചു വളരുകയാണി  ബാല്യങ്ങൾ .*
*അമ്പലനടകളിൽ കുട്ടികളുടെ കൈകൾ പിടിച്ച് ഗുരുക്കൾ എഴുതി*
*ഹരിശ്രീ  ഗണപതായ .*

വന്ദനം വന്ദനം മലയാള ഭാഷ

മാതൃരുചിയുടെ മലയാള ഭാഷ

തുഞ്ചത്തെഴുത്തച്ഛൻ ചൊല്ലിയ ഭാഷ

നമ്മുടെ ഭാഷമലയാള ഭാഷ ........

# നീല സാഗരം

സ്നേഹത്തിൽ കണ്ണീരോളങ്ങൾ
നിന്നിലായി ഞാൻ കാണുന്നു .
മൗനത്തിൽ ജീവിത ഈരടികൾ
ഞാൻ നിന്നിലായി കേൾക്കുന്നു
നീല സാഗരത്തിൽ തെളിയാത്ത
ഓളം നിന്നിലെന്തേ എത്ര വ്യക്തം
ഉയരുന്ന പറവകളേയും ഇഴയുന്ന
ജന്തുക്കളെയും നീ സ്നേഹമെന്ന
സ്പന്ദനത്തിൽ വലയിലാക്കി
ഇരുട്ടിലും നിന്നിലെ സ്പടിക പാത്രം
എന്നിലായി അലിയുന്നു
എന്നുണർന്നു നാളെ കഴിയുന്നോരാ -
മലരിൽ രോദനം നിന്നിൽ നിന്നായി
പൊഴിക്കവേ ഉതിരുന്നു എൻ ആത്മാവിലും

കണ്ണീർ പ്രളയം

എരിയുന്ന ദീപത്തെയും വിരിയുന്ന മുത്തുകളേയും
എന്തിനായി നീ സ്മരേഖയിലാക്കി ?
പുലരിയിൽ നീ ഒരു മായാ സ്വപ്നം .........
ജീവിത സാധ്യാപനത്തിൽ നിന്റെ നെറുകയ്യിൽ
ചെങ്കതിർ ചോലകൾ കൂടുന്നു
ഇരുളിലെ സത്യവും പകലിലെ കപടവും
,ജീവിതം കേവ്വവലമൊരു നീര് മുത്ത് മാത്രം ,.
സ്നേഹമതിൽ നിറച്ച നിങ്ങൾ തേനായി മാറ്റി
എന്ന പ്രഫയല്ലയോ നിന്നിലായി നാം കാണുന്നത് ......

ചിഞ്ചിന.അനിൽ
8 .D



# JUNIOR RED CROSS





## കുറ്റവാസനകൾ ആധുനിക സമൂഹത്തിൽ

സമൂഹത്തിൽ കുറ്റവാളികളുടെ എണ്ണം കൂടിക്കൊണ്ടിരിക്കുകയാണ് .സമൂഹമനസാക്ഷിയെ നടുക്കുന്ന സംഭവവികാസങ്ങളാണ് ഇന്ന് ഈ സമൂഹത്തിൽ അരങ്ങേറുന്നത്.മുതിർന്നവരിലുപരി കുട്ടികളുടെ ഇടയിലും കുറ്റവാസങ്കൽ കൂടിക്കൊണ്ടിരിക്കുന്നു.

പിഞ്ചുകുഞ്ഞുങ്ങളെ വരെ പിച്ചിച്ചീന്തുന്ന സമൂഹമാണിവിടെ ഉള്ളത്. എത്ര ക്രൂരമായ ശിക്ഷ നൽകിയാലും കുറ്റങ്ങൾ ചെയ്യുന്നത് കൂടുകമാത്രം ഫലം .കൊച്ചു കൊച്ചു മോഷണങ്ങളിൽ തുടങ്ങി വലിയ കുറ്റകൃത്യങ്ങളിലേക്കു പോകുന്നു.ആദ്യം ഒരു രസത്തിനുവേണ്ടി പുകവലി തുടങ്ങുന്നു പിന്നീട് അതിനടിമപ്പെട്ടു അത് സുഹൃത്തുക്കളിലേക്കും പകർന്നു നൽകുന്നു. വായിൽനിന്നും പുകയൂതിവിടുന്ന രസം മരണമാണെന്ന് ഓർക്കുന്നില്ല .സുഹൃത്തിൽനിന്നും സുഹൃത്തിലേക്ക് പടരുന്നു മറ്റൊരു ലഹരി വസ്തുവാണ് മദ്യം .മദ്യം  കുടിച്ചു  മാനസികനില തെറ്റി കൊല്ലും കൊലയ്ക്കും കൂട്ടുനിൽക്കുന്നു. മദ്യലഹരിയിലടിമപ്പെട്ടു സ്വന്തം ഭാര്യയെയും മക്കളെയും കൊല്ലാനും നശിപ്പിക്കാനും ശ്രമിക്കുന്നു .മദ്യം പോലുള്ള മറ്റു ലഹരിവസ്തുക്കൾ മനുഷ്യന്റെ മനസിനെ താളം തെറ്റിക്കുന്നു. ലഹരിപദാര്ഥങ്ങളുടെ ഉന്മാദത്തിൽ സ്വന്തം അമ്മയെന്നോ കുഞ്ഞെന്നോ പോലും വകവയ്ക്കാതെ പീഡിപ്പിക്കുന്നു. ഗർഭിണിയായ സ്ത്രീയെപ്പോലും മനുഷ്യൻ വെറുതെ വിടുന്നില്ല. ശ്രീനാരായണ ഗുരുവിന്റെ ഒരു പ്രസ്ഥാനമായ ശ്രീനാരായണ ധർമ്മ പരിപാലന

യോഗത്തിന്റെ പേരും പറഞ്ഞു " ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന് " എന്ന് പറഞ്ഞ ശ്രീനാരായണ ഗുരുവിന്റെ ധർമത്തെ ക്ഷയിപ്പിക്കുന്ന തരത്തിലാണ് മനുഷ്യന്റെ പ്രവൃത്തികൾ . രാഷ്ട്രീയത്തിന്റെ പേരിൽത്തന്നെ കൊലപാതകങ്ങങ്ങളും അരങ്ങേറുന്നത് നാം കാണാറുണ്ട് . കൊലപാതകം ഒരു ഫാഷനായി മാറിയിരിക്കുന്ന ഈ കാലഘട്ടത്തിന്റെ പോക്ക് ഇത് എങ്ങോട്ടാണ്.മനുഷ്യമനസ്സിന്റെ താളം തെറ്റലിൽ പൊലിയുന്നത് പല ജീവനുകളാണ്.

ഇക്കാലത്തെ പത്രമാധ്യമങ്ങളിൽ കൊല്ലും കൊലയും പീഡന ശ്രമവും ഒന്നുമില്ല. ദൈവത്തിന്റെ സ്വന്തം നാട്ടിലാണ് ഈ സംഭവവികാസങ്ങളെന്നു ഓർക്കുക. ഗവൺമെന്റ് ഉദ്യോഗസ്ഥരായവർ പോലും അഴിമതി കാട്ടുന്നു. സ്വന്തം സ്വാർത്ഥലാഭത്തിനുവേണ്ടി കൈക്കൂലി വാങ്ങുന്നു.

18 വയസിനു മുകളിലുള്ളവരുടെ കുറ്റകൃത്യങ്ങളാണ് ഏറെയും. ഏറ്റവും കൂടുതൽ കൊല്ലും കൊലയും നടക്കുന്നതും വിദ്യാർത്ഥി സമൂഹത്തിലാണ്. പഠന കാര്യങ്ങളിൽ ശ്രദ്ധപുലർത്തുന്നതിലുപരി വിദ്യാർത്ഥിരാഷ്ട്രീയത്തിനാണ് ശ്രദ്ധ ചെലുത്തേണ്ടത് എന്ന് അവർ ഉറപ്പിച്ചിരിക്കുന്നു. വിദ്യാർത്ഥി രാഷ്ട്രീയത്തിന്റെ കണ്ണികളാകുന്നത് പല നിരപരാതികളായിരിക്കും.അതിന്റെ രക്തസാക്ഷികളാകുന്നവരെ വാനോളം ഉയർത്തിയാൽ ഒരു ഫലവുമില്ല ,നഷ്ടപ്പെടുന്നത് അവരുടെ മാതാപിതാക്കൾക്ക് മാത്രമാണ്. രാഷ്ട്രീയത്തിലിറങ്ങുമ്പോൾ സ്വന്തം കുടുംബത്തെകുറിച്ചു ഒന്നോർക്കുക. സ്വന്തം മക്കളുടെ മരണപ്പെട്ട ശരീരം കാണുന്ന മാതാപിതാക്കളുടെ മുഖം ഒരു നിമിഷം നാം ഓർക്കേണ്ടതുണ്ട്. വിവാഹവാഗ്ദാനം നൽകി കബിളിപ്പിക്കുന്നത് നാം കാണുന്നുണ്ട്. പ്രണയ അഭ്യർത്ഥന നിരസിക്കുന്നു പെൺകുട്ടികളുടെ മുഖത്ത് ആസിഡ് ഒഴിക്കുന്നത് ഇപ്പോൾ ഒരു ഫാഷനായി മാറിയിരിക്കുന്നു. മാതാപിതാക്കൾ കഷ്ടപ്പെട്ട് വളർത്തുന്ന പെൺമക്കൾ ഒരുവന്റെ ബൈക്കിന്റെ പുറകിലിരുന്നു പോകുന്നത് കാണുന്ന മാതാപിതാക്കളുടെ അവസ്ഥ ഒരു നിമിഷം നാം ആലോചിക്കണം. 30% പെൺകുട്ടികളും അല്ലെങ്കിലും സ്ത്രീകളും ലഹരിവസ്തുക്കൾ ഉപയോഗിക്കുന്നവരാണ് ലഹരിയുടെ ഉന്മാദത്തിൽ ആണും പെണ്ണും ഒരുപോലെ കുറ്റക്കാരാണ് ചെറിയ കുറ്റകൃത്യങ്ങൾ ചെയ്തു വലിയ കുറ്റം ചെയ്യുന്നവരെ നാം മുളയിലേ നുള്ളണം. ചെറിയ തെറ്റുകൾക്ക് ശിക്ഷിക്കുന്നതിനുപകരം ഉപദേശങ്ങൾ ഫലപ്രദമാക്കുക. വലിയ ശിക്ഷകൾ നൽകുമ്പോൾ കുറ്റം ചെയ്യാനുള്ള വ്യഗ്രത ഇടുകയാണ് ചെയ്യുന്നത്. പത്താം ക്ളാസിലെ പാഠ്യ പദ്ധതിയിൽ 'പാവങ്ങൾ ' എന്ന പാഠം ഇതിനുദാഹരണമാണ്. നൻമയിലൂടെ തിന്മയെ തീർച്ചയായും ഒഴിവാക്കാൻ കഴിയുമെന്നതിന്റെ ഉദാഹരണമാണ് ഈ കഥയിലെ ഴാങ് വാൽ ഴാങ്ങും[മോണ്സിന്യരും]. നല്ല സമൂഹത്തിനു മാത്രമേ നല്ല വ്യക്തിയേയും സമൂഹത്തേയും വാർത്തെടുക്കാൻ സാധിക്കുകയുള്ളു. തിന്മചെയ്യുന്നവരെ നന്മയുടെ വഴിയേ നടത്തുക. ഈ ആധുനിക ലോകത്തെ കുറ്റവിമുക്തമായി ഇനിയും നമുക്ക് വാർത്തെടുക്കാം

Akshaya.A.S



'

## അമ്മ

നമ്മൾ എല്ലാവരും ജീവനതുല്യം
സ്നേഹിക്കുന്ന ഒരാളെ ഈ ഭൂമിയിൽ കാണ . നമ്മുടെ സ്വന്തം
അമ്മ . ആദ്യമായി നമ്മളെ സംസാരിക്കാൻ പഠിപ്പിച്ചത് ,സ്നേഹത്തിന്റെ
ഓരോ പ ഠ വുമൊക്കെ നമ്മുടെ മനസ്സിലേയ്ക്ക് നിറഞ്ഞത് ഒക്കെ നമ്മുടെ അമ്മയാണ്
.സ്വന്ത ഠ ജീവനേക്കാൾ സ്നേഹിക്കുന്ന ഒരമ്മയെ വെറുക്കുന്ന
വൃദ്ധസദനതങ്ങളിൽ കോണ്ടാക്കുന്ന ഇന്നത്തെ സമൂഹത്തിലെ മക്കൾ അവരെ ഒരു ശാപമായി കാണുന്നു
ഒരിടത്തൊരമ്മയും മകനും സന്തോഷത്തോടെ ജീവിച്ചിരുന്നു ആ 'അമ്മ മകനെ വളരെയതികം
കഷ്ടപ്പെട്ടാണ് വളർത്തിയിരുന്നത് .
മകൻ വളർന്നു വലുതായപ്പോൾ മകനിഷ്ടപ്പെട്ട പെണ്ണിനെത്തന്നെ 'അമ്മ മകന് വധുവായി നൽകി
.മകന്റെ കല്യാണത്തിന് ശേഷം ആ 'അമ്മ മകനും മരുമകൾക്കും
ഓര്ത്തികപറ്റ് ആയി മാറി ഭാര്യയുടെ വാക്കുകൾകേട്ടു ആ അമ്മയെ മകൻ വെറുത്തു .അവരെ
വൃദ്ധസദനത്തിൽ കൊണ്ടാക്കാൻ വരെ അവൻ മുതിർന്നു .
വളരെ നാളുകൾക്കു ശേഷം ആ 'അമ്മ മരിച്ചു .തന്നെ എത്രനാൾ കഷ്ടപ്പെട്ടു വളർത്തിയ ആ 'അമ്മ
മരിച്ചപ്പോൾ മകന് വളരെ വിഷമമായി

പ്രിയപ്പെട്ടവരെനമ്മൾ ഒന്ന് ഓർക്കുക വളരെയധികം കഷ്ടപ്പെട്ടു വളർത്തുന്ന അമ്മേയെയും അച്ഛനെയും
വൃദ്ധസദനങ്ങളിൽ കൊണ്ടാക്കുമപ്പോൾ ഉല്ലാവരുടെ മനസ്സ് ഓരോരുത്തരും ഓർക്കുക .അവരെ
ജീവനതുല്യം സ്നേഹിക്കുക .വെറുക്കാതെ ഇരിക്കുക

മാഹീൻ

## കടങ്കഥകൾ



1.വില്ലനാണ് പക്ഷെ ഞാണില്ല കെട്ടാൻ അമ്പല്ല പെയ്യുന്നതായിരം തുള്ളി

-മഴവില്ല്

2. അനേകം മതിൽകെട്ടി അകത്തൊരു വെള്ളിവടി

-വാഴപ്പിണ്ടി

3. ഒരാൾക്ക് തലയിലും കാലിലും തൊപ്പി

-ഉലക്ക

4. തന്നില്ല കുടിക്കില്ല തല്ലാതെ മിണ്ടില്ല

-ചെണ്ട

5. ആയിരം കിളികൾക്ക് ഒറ്റക്കൊക്ക്

-വാഴക്കുല

6. എല്ലാം തിന്നും എല്ലാം ദഹിക്കും വെള്ളം ചത്തുപോകും

-തീ

7. ആനയെക്കാണാൻ വെളിച്ചമുണ്ട് വിളക്കുകൊളുത്താൻ തീയില്ല

-ടോർച്ച്

8. അരിവയ്ക്കും മുമ്പേ കറിവയ്ക്കും

-ചീര

**GOWRI NANDHA.R**
STD:4

9. ഉരുട്ടാം പിരട്ടാം എടുക്കാൻ വയ്യ

-കണ്ണ്

# ചൊട്ടയിലെ ശീലം ചുടലവരെ

വലിയ ഒരു എഴുത്തുകാരൻ ഉണ്ടായിരുന്നു . ഹിന്ദിയിലാണ് അദ്ദേഹം കഥകളൊക്കെ എഴുതാറ് . അദ്ദേഹത്തിന്റെ പേര് പ്രേം ചന്ദ് .അദ്ദേഹം സ്വന്തം അനുഭവകഥ പറയുകയാണ് . പ്രേം ചന്ദിന് രണ്ടു മക്കളാണ് . രണ്ടു പേരും വലിയ നഗരത്തിൽ പഠിക്കുകയാണ് .ഒരു ദിവസം പ്രേം ചന്ദും ഭാര്യയും തന്റെ മകനെ സന്ദർശിക്കാനായി നഗരത്തിലേക്ക് പോയി . മാതാപിതാക്കളെ സ്വീകരിക്കാനായി അദ്ദേഹത്തിന്റെ രണ്ടു മക്കളും റെയിൽവേ സ്റ്റേഷനിൽ കാത്തുനിന്നു . അവർ അവിടെ എത്തി . മൂത്തമകൻ അച്ഛനെ കണ്ടതും ഓടി വന്ന് ആലിംഗനം ചെയ്തു . രണ്ടാമത്തെ മകൻ ഗുഡ് മോർണിംഗ് പറഞ്ഞു മാറിനിന്നു . മാതാപിതാക്കൾ  തിരിച്ചു
വീട്ടിൽ എത്തി . പക്ഷെ പ്രേം ചന്ദിന്റെ മുഖത്ത് ഒരു വിഷമം . " എന്തു പറ്റി ". ഭാര്യ ചോദിച്ചു . പ്രേം ചന്ദ് പറഞ്ഞു . മൂത്തമകൻ എന്നെ ആശിർവധിച്ചു . രണ്ടാമത്തെ മകൻ
എനിക്ക് ഗുഡ് മോർണിംഗ് പറഞ്ഞതേയുള്ളു . അവൻ കുട്ടിയല്ലേ . വലുതാകുമ്പോൾ ഒക്കെ പേടിക്കും . ആ 'അമ്മ സമാധാനിപ്പിക്കാൻ പറഞ്ഞു .

വർഷങ്ങൾ പിന്നിട്ടപ്പോൾ ഒടുവിൽ മൂത്ത മകൻ ഒരു വലിയ ജഡ്ജിയായി മാറി . രണ്ടാമത്തെ മകന് നല്ല ജോലിയൊന്നും കിട്ടിയില്ല . മൂത്ത മകനെ കാണുമ്പോൾ എല്ലാവരും എഴുന്നേറ്റ് നിന്ന് വന്ദിക്കും . രണ്ടാമത്തെ മകനെ ആരും തിരിഞ്ഞു നോക്കുക പോലും ഇല്ല . അതുകൊണ്ടു രണ്ടാമൻ ജീവിക്കാനായി എല്ലാവരെയും തൊഴുത് കൊണ്ട് നടന്നു .

മാതാപിതാക്കളെയും ഗുരുക്കന്മാരെയും ബഹുമാനിക്കുന്നവർക്ക് ഉയർച്ച ഉണ്ടാകും .

മുഹിസിന
8C

# ഗുരുദേവൻ

ഗുരുദേവനെന്നുള്ള നാമം കേൾക്കുമ്പോൾ
അകതാരിൽ തെളിയുന്ന ദിവ്യ രൂപം

ഒരു ജാതി , ഒരു മതം , ഒരു ദൈവം മനുഷ്യ -
നെന്നകതാരിലുണരുന്ന പരമ മന്ത്രം .


ശിവപൂജ ചെയ്യുവാനനുവാദമില്ലാതെ
വലയുന്ന മനുഷ്യരെ കണ്ടറിഞ്ഞ്

ശിവനെന്ന സങ്കൽപ്പ പൂജ ചെയ്തീടുവാൻ
വേദിയൊരുക്കിയ പരം പൊരുളെ

നിൻനാമമിന്നെന്നകതാരിൽ തെളിയുമ്പോൾ
കോൾമയിർ കൊള്ളുന്നെന്നാന്തരംഗം .

ലൈന .പി എസ്




റ്റി.ഇ.എം. വി.എച്ച്.എസ്.എസ്
മൈലോട്
വിദ്യാരംഗം കലാസാഹിത്യവേദി
ശില്പശാല

# പഠിക്കാനുള്ള മോഹം

നെല്ലിപ്പറമ്പ് എന്ന ഒരു കൊച്ചു ഗ്രാമത്തിൽ കല്യാണി എന്ന് പേരുള്ള ഒരു പെൺകുട്ടിയും അവളുടെ കുടുംബവും ജിവിചിരുന്നു . പത്താം ക്ലാസ് വിദ്യാർഥിനിയായിരുന്ന അവൾ നന്നായി പഠിക്കുന്ന മിടുക്കിയായിരുന്നു ഒരു ദിവസം പോലും മുടങ്ങാതെ അവൾ സ്കൂളിൽ പോകുമായിരുന്നു .അന്നും അവൾ സ്കൂളിൽ പോയി തന്റെ വീട്ടിലേക്ക് മടങ്ങി വന്ന അവൾ വല്ലാതെ പരിഭവിച്ചു .കല്യാണിയുടെ വീട്ടുമുറ്റത്തു ഒരു ആൾക്കൂട്ടം .അവൾക്ക് എന്നതാണ് പ്രശ്നം എന്ന് മനസിലായില്ല .അവൾ അമ്മയോട് കാര്യമനേഷിച്ചു .ആ കാര്യം അറിഞ്ഞയുടൻ അവളുടെ മനസ്സ് തകർന്നു പോയി .നല്ലൊരു വിവാഹാലോചന വന്നപ്പോൾ ,അവളുടെ മാതാപിതാക്കൾ അത് നടത്താൻ തീരുമാനിച്ചു .അവൾ അവരോട് കേണപേക്ഷിച്ചു തനിക്കു വലിയ നിലയിൽ എത്തണം .അവളുടെ അപേക്ഷ എല്ലാവരും തള്ളിക്കളഞ്ഞു .അവളുടെ അനുജത്തി അമ്മിണി അവളുടെ പക്ഷത്തായിരുന്നു. കല്യാണിയുടെ വിവാഹം അടുത്ത് വന്നപ്പോൾ അവൾ തീരുമാനിച്ചു .തന്റെ പഠിക്കാനുള്ള ആഗ്രഹം നിലച്ച ഈ ഭൂമിയിൽ അവൾക്കു ജിവിക്കണ്ട .വീട്ടിൽ നിന്നിറങ്ങി അവൾ ഒരു കായലിൽ വന്നു .പെട്ടെന്ന് കല്യാണി ആ കായലിലേക്ക് എടുത്തു ചാടി .ഇത് കണ്ടുകൊണ്ടു വന്ന ആളുകൾ അവളെ രക്ഷിക്കാൻ ശ്രമിച്ചു പക്ഷെ കഴിഞ്ഞില്ല .അവൾ മരണപെട്ടു .അവളുടെ മരണം മാതാപിതാക്കളെ വല്ലാതെ വേദനിപ്പിച്ചു .അവളുടെ ആഗ്രഹം നിറവേറ്റാൻ ശ്രമിച്ചതു മൂലം തങ്ങളുടെ മകളുടെ ജീവിതം തന്നെ നിലച്ചു .പിന്നീട് അവർ അമ്മിണിയെ അവളുടെ ആഗ്രഹം പോലെ പഠിപ്പിച്ചു .

വലിയ ഒരു ദുരന്തത്തിലൂടെയാണ് അവർക്ക് അവരുടെ തെറ്റ് മനസ്സിലായത് .

## മദ്യം ഒരു സാമൂഹിക വിപത്ത്

മദ്യം സമൂഹത്തിന്റെ വിപത്തായി മാറിക്കഴിഞ്ഞിരിക്കുന്നു . കുട്ടികൾ മുതൽ വൃദ്ധർ വരെ മദ്യത്തിന് അടിമയാണ് . കേവലം കൂട്ടുകാരുടെ നിർബന്ധത്തിനു വഴങ്ങി ഒരു ദിവസം രുചിച്ചു നോക്കുന്നവർ പിന്നീട് തങ്ങളുടെ ജീവിതത്തിൽ നിന്ന് ഇതിനെ പറിച്ചുമാറ്റാൻ കഴിയാത്തരീതിയിലേക്ക് കടന്നുപോകുന്നു . ഉപരിപഠനത്തിനായി വീട്ടുവിട്ട് മാതാപിതാക്കളെയും സഹോദരങ്ങളെയും വിട്ടുപോകുന്ന കുട്ടികൾ കൂട്ടുകെട്ടിലകപ്പെട്ട് മാതാപിതാക്കൾ പഠനചിലവിനുവേണ്ടി അയച്ചുകൊടുക്കുന്ന പണം മദ്യത്തിനും മയക്കുമരുന്നിനും വേണ്ടി ദുർവിനയോഗം ചെയ്ത് തങ്ങളുടെ പഠനം പോലും പൂർത്തിയാക്കാൻ കഴിയാതെ ഭാവിയെ നശിപ്പിക്കുന്ന കാഴ്ച നമ്മുടെ സമൂഹത്തിലെ ഒരു പതിവ് സംഭവമായി മാറിക്കഴിഞ്ഞിരിക്കുന്നു .

വിവാഹം കഴിച്ചു കുടുംബം പുലർത്തേണ്ട കാലത് മദ്യത്തിന്റെ ലഹരിയിൽ കൂട്ടുകാരോട്ചേർന്ന് കുത്താടി നടക്കുന്നു .മദ്യപാനത്തിലൂടെ കുടുംബബന്ധങ്ങൾ ചിന്നിച്ചിതറുന്നു .ഇത് മുഖാന്തരം ഓരോ കുഞ്ഞുങ്ങളും അനാഥരാകുന്നു .മദ്യപാനത്തിലൂടെ ഒരു മനുഷ്യൻ തന്റെ കുടുംബത്തിൽ നിന്നും സമൂഹത്തിൽ നിന്നും വെറുക്കപ്പെടുന്നു . വിവാഹമോ മരണമോ എന്നില്ലാതെ അവരുടെ സന്തോഷങ്ങളും ദുഃഖകളും അവർ മദ്യവുമായി പങ്കുവെയ്ക്കുന്നു .അതിലൂടെ അവർ സന്തോഷം കണ്ടെത്തുന്നു .ആൺ പെൺ വ്യത്യാസമില്ലാതെ ഏവരും മദ്യലഹരിയിൽ ആഴ്ന്നുപോയിരിക്കുന്നു .ലോക രാഷ്ട്രങ്ങളെ വെച്ചുനോക്കിയാൽ "ദൈവത്തിന്റെ സ്വന്തം നാടായ "കേരളത്തിൽ തന്നെയാണ് കോടിക്കണക്കിന് രൂപയുടെ മദ്യവിൽപ്പന നടക്കുന്നത് .മദ്യപാനത്തിലൂടെ ഒരു ജീവിതവും ജീവിതത്തിലൂടെ ഒരു കുടുംബവും കുടുംബത്തിലൂടെ ഒരു സമൂഹവും നശിക്കുന്നു .

സ്മിത
10 D

# പാഠപുസ്തകം തുറക്കുമ്പോൾ



കുഞ്ഞുപൈതങ്ങൾ തൻ കണ്ണ്
ചിമ്മി തുറക്കുന്ന പാഠപുസ്തകം
മനുഷ്യ മനസ്സിന് ശാന്തമേകുന്ന
കുഞ്ഞു പൈതങ്ങൾ തൻ മനസ്സുകൾ
ആദ്യാക്ഷരം എഴുതി 'അമ്മ'
എന്ന വചനത്തോടെ

പാഠപുസ്തകം തുറക്കുമ്പോൾ
കുഞ്ഞിന്റെ ഉള്ളിലെ മന്ദഹാസം
പിഞ്ചിരിച്ചും കരഞ്ഞും കുഞ്ഞുങ്ങൾ
പാടി പാടി ഉണർത്തുന്നു
പാഠങ്ങൾ തൻ മന്ത്രണം

മനുഷ്യന്റെ ഉൾവിളികൾ ഓർക്കുന്ന
പുസ്തകത്തിന്റെ താളുകൾ തുറന്നു
മാതാപിതാഗുരു ദൈവമെന്നുള്ള
വാക്കിന്റെ അർത്ഥമറിയുന്നു കുട്ടികൾ
പുണ്യമനസ്സിന്റെ വായു തേടി
വരുകയാണ് കുഞ്ഞുപൈതങ്ങൾ

കള്ളങ്ങൾ ഒന്നുമില്ലാതെ കൊച്ചു
വിദ്യാലയത്തിന്റെ മുറ്റങ്ങളിൽ വന്നു
നിന്നു കുഞ്ഞുപൈതങ്ങൾ
ആശംസകളോടെ ആഹ്ലാദത്തോടെ
പോകുന്നു കുഞ്ഞു പൈതങ്ങൾ
പാഠപുസ്തകം തുറക്കാൻ



## കൈരളി......

*കൈരളിമാതാവിൻ പേരും പെരുമയും*
*കൈതപ്പൂപോലെ വിലസിടുമ്പോൾ*
*മക്കളാം നമ്മുടെ മുഖബിംബമെമ്പാടും*
*മാരിവിൽപോലെ തിളങ്ങിടുന്നു*

*താരുംതളിരുമണിഞ്ഞപൂങ്കാവുകൾ*
*മാമലനാടിനു ശോഭയേകം*
*സഹ്യസാനുക്കളിൽ മാരുതനെപ്പോഴും*
*തഴുകിത്തലോടിക്കടന്നുപോകാം*

*നദികളുംപുഴകളും കാട്ടാറുമങ്ങനെ*
*കൈകൊട്ടിപ്പാട്ടുമായൊഴുകിടുമ്പോൾ*
*ഓണംപോലുള്ളൊരാഘോഷവേളകൾ*
*കേരളനാടിനു ശോഭക്കൂട്ടും*

# ദാരിദ്ര്യത്തിന്റെ നിധി



കുറച്ച് വർഷങ്ങൾക് മുൻപ് രാജുവും രവിയും എന്ന രണ്ട് പേര് ഒരു പട്ടണത്തിൽ താമസിച്ചിരുന്നു . അവർക്ക് വലിയ കൃഷിയും പശുക്കളുമുണ്ടായിരുന്നു . ഇവർ രണ്ടുപേരും മടിയന്മാരായിരുന്നു. പാടത്ത് കൃഷി ചെയ്യാൻ പണം കൊടുത്ത് ആളെ ഇറക്കുമായിരുന്നു . അസൂയ പിടിച്ച മടിയന്മാരായിരുന്നു ഇരുവരും . അവിടെ ഏറ്റവും പാവപെട്ട ഒരാളായിരുന്നു ജാക്ക് . അവന് ഒരു തുണ്ട് ഭൂമിയും ഒരു പശുവും മാത്രമേ ഉള്ളായിരുന്നു .
അവന്റെ സമ്പത്ത് ആകെ അതായിരുന്നു . അവന്റെ ആ കൊച്ചു പാടത്ത് കൃഷി ചെയ്ത് സമ്പാദിക്കുന്നത് രാജുവിനും രവിക്കും ഇഷ്ട്ടമില്ലായിരുന്നു . ഒരു ദിവസം രാത്രിയിൽ രാജുവും രവിയും ജാക്കിന്റെ വീട്ടിലെത്തി അവന്റെ കൃഷിയെല്ലാം അവർ രണ്ടുപേരുംക്രൂടി നശിപ്പിച്ചു. ജാക്ക് അതി രാവിലെ തന്നെ എണീറ്റു . അവന്റെ കൃഷിയെല്ലാം കത്തിനശിച്ചിരിക്കുന്നു . അവൻ വല്ലാതെ നിരാശനായി അവൻ തളർന്നുപോയി . രാജുവും രവിയും അതുകണ്ട് ഒളിച്ചിരുന്ന് സന്തോഷിക്കുകയായിരുന്നു .അങ്ങനെ ജാക്ക് അവന്റെ പശുവിനെ വിൽക്കാൻ തീരുമാനിച്ചു . അവന് പശുവിനെ നോക്കാനുള്ള കൃഷിയായിരുന്നു കത്തിനശിച്ചത് അങ്ങനെ അവൻ പശുവിനെയും കൊണ്ട് ചന്തയിലെത്തി . അവൻ അവിടെ ഒരുമരം കണ്ടു . അവൻ അതിൽ പശുവിനെ കെട്ടിയിട്ട് വെള്ളം തേടി പോയി മരത്തിന്റെ അപ്പുറത് ഒരു ധാന്യകടയുണ്ടായിരുന്നു . അവിടുത്തെ ഉടമസ്ഥൻ ഈ പശുവിനെ കണ്ടു പശുവിന്റെ കഴുത്തിൽ ഒരു പൊതിയുണ്ടായിരുന്നു .
ജാക്കിന്റ പണം പശുവിന്റെ കഴുത്തിൽ കെട്ടിവെച്ചിട്ടാണ് പോയത് . കടയുടെ ഉടമസ്ഥൻ ആ പൊതികണ്ടില്ല .അദ്ദേഹം ആ പശുവിന്റെ കഴുത്തിൽനിന്ന് ഒരു വെള്ളിനാണയം വീഴുന്നത് കണ്ടു അദ്ധേഹം വിചാരിച്ചു ഇത് ഒരു മാന്ത്രിക പശുയാണെന്ന് അയാൾ അദ്‌ഭുതപ്പെട്ടു . അതിനെ വാങ്ങാൻ തന്നെ തീരുമാനിച്ചു അദ്ധേഹം എന്നിട്ടും ആ പൊതി കണ്ടില്ല . ജാക്ക് അപ്പോയെക്കും വന്നിരുന്നു കടയുടമസ്ഥൻ ചോദിച്ചു നിങ്ങളുടെ പശു ആണോ ഇത് നിങ്ങൾ ഇതിനെ വിൽക്കുന്നുണ്ടോ . ജാക്ക് സന്തോഷിച്ചു അതെ ഞാൻ വിൽക്കുന്നുണ്ട് . കടയുടെ ഉടമസ്ഥൻ പറഞ്ഞു ഞാൻ നിനക്ക് അഞ്ഞൂറ് വെള്ളി നാണയങ്ങൾ തരാം . ജാക്ക് ഒത്തിരി സതോഷിച്ചു . ജാക്ക് പണം കൊണ്ട് വീട്ടിലെത്തി . രാജുവും രവിയും അവന്റെ സന്തോഷം കണ്ടു . ജാക്ക് വിചാരിച്ചു താൻ വിഷമിച്ചു വരുമെന്ന് . പക്ഷെ അത് തിരിച്ചായിരുന്നു . അവൻ സന്തോഷിതനായിരുന്നു. അവൻ ആ ധനം കൊണ്ട് വളരെ വലിയ പണക്കാരനായി മാറി . അവൻ അവിടുത്തെ വളരെ വലിയ കൃഷിക്കാരനായി അവൻ സന്തോഷത്തോടെ ജീവിച്ചു....

മുഹമ്മദ്‌സിദ്ധിഖ് .എൻ

9 D

# പഠിക്കാനുള്ള മോഹം

നെല്ലിപ്പറമ്പ് എന്ന ഒരു കൊച്ചു ഗ്രാമത്തിൽ കല്യാണി എന്ന് പേരുള്ള ഒരു പെൺകുട്ടിയും അവളുടെ കുടുംബവും ജിവിചിരുന്നു . പത്താം ക്ലാസ് വിദ്യാർഥിനിയായിരുന്ന അവൾ നന്നായി പഠിക്കുന്ന മിടുക്കിയായിരുന്നു ഒരു ദിവസം പോലും മുടങ്ങാതെ അവൾ സ്കൂളിൽ പോകുമായിരുന്നു .അന്നും അവൾ സ്കൂളിൽ പോയി തന്റെ വീട്ടിലേക്ക് മടങ്ങി വന്ന അവൾ വല്ലാതെ പരിഭവിചു .കല്യാണിയുടെ വീട്ടുമുറ്റത്തു ഒരു ആൾക്കൂട്ടം .അവൾക്ക് എന്നതാണ് പ്രശ്നം എന്ന് മനസിലായില്ല .അവൾ അമ്മയോട് കാര്യമനേഷിച്ചു .ആ കാര്യം അറിഞ്ഞയുടൻ അവളുടെ മനസ്സ് തകർന്നു പോയി .നല്ലൊരു വിവാഹാലോചന വന്നപ്പോൾ ,അവളുടെ മാതാപിതാക്കൾ അത് നടത്താൻ തീരുമാനിച്ചു .അവൾ അവരോട് കേണപേക്ഷിച്ചു തനിക്കു വലിയ നിലയിൽ എത്തണം .അവളുടെ അപേക്ഷ എല്ലാവരും തള്ളിക്കളഞ്ഞു .അവളുടെ അനുജത്തി അമ്മിണി അവളുടെ പക്ഷത്തായിരുന്നു. കല്യാണിയുടെ വിവാഹം അടുത്ത് വന്നപ്പോൾ അവൾ തീരുമാനിച്ചു .തന്റെ പഠിക്കാനുള്ള ആഗ്രഹം നിലച്ച ഈ ഭൂമിയിൽ അവൾക്കു ജിവിക്കണ്ട .വീട്ടിൽ നിന്നിറങ്ങി അവൾ ഒരു കായലിൽ വന്നു .പെട്ടെന്ന് കല്യാണി ആ കായലിലേക്ക് എടുത്തു ചാടി .ഇത് കണ്ടുകൊണ്ടു വന്ന ആളുകൾ അവളെ രക്ഷിക്കാൻ ശ്രമിച്ചു പക്ഷെ കഴിഞ്ഞില്ല .അവൾ മരണപെട്ടു .അവളുടെ മരണം മാതാപിതാക്കളെ വല്ലാതെ വേദനിപ്പിച്ചു .അവളുടെ ആഗ്രഹം നിറവേറ്റാൻ ശ്രമിച്ചതു മൂലം തങ്ങളുടെ മകളുടെ ജീവിതം തന്നെ നിലച്ചു .പിന്നീട് അവർ അമ്മിണിയെ അവളുടെ ആഗ്രഹം പോലെ പഠിപ്പിച്ചു .

വലിയ ഒരു ദുരന്തത്തിലൂടെയാണ് അവർക്ക് അവരുടെ തെറ്റ് മനസ്സിലായത് .

അൽഫിയ 8C


By
HISANA.S.N
IX.D

# മെഗാത്തിരുവാതിര



# വിദ്യ

വിദ്യ എന്ന രണ്ടക്ഷരം മാത്രമാണിന്നെന്റെ മനസ്സിൽ
വിദ്യക്കു മാത്രമായി ഇന്നെൻ മനസ്സിൽ തളിരിട്ട
ആ ഓർമകൾ
വിദ്യതൻ  പ്രാണനിൽ ഏറ്റുവാങ്ങിയ വെറും
 കുട്ടികളല്ല നമ്മൾ
ആദ്യമായി എഴുതിയത് 'അമ്മ എന്ന വാക്ക് .

പാഠപുസ്തകം തുറക്കുമ്പോൾ ഓരോ കവിതയും
ചൊല്ലി തരുന്ന അധ്യാപകൻ

പാഠപുസ്തകം തുറന്നീടുമ്പോൾ ഒരു മന്ദഹാസം
പിന്നെ കണ്ണുകൾ ചിമ്മിടുന്നു.

'അ' എന്ന അക്ഷരം ചൊല്ലിടുമ്പോൾ
മനസ്സിൽ എത്തുന്നത് ''അമ്മ '' എന്ന
രണ്ടക്ഷരമാണ് .

എഴുതി പഠിക്കുന്ന കൊച്ചക്ഷരങ്ങൾ
പിന്നെ ഓരോ വലിയ
വാക്കുകളായി മാറുന്നു .

'വിദ്യ 'എന്ന രണ്ടക്ഷരം മാത്രമാണിന്നെന്റെ
മനസ്സിൽ .

കീർത്തന .പി.ബി

# PROTECT AND LOVE ENVIRONMENT





## വേനൽമഴ

ചുട്ടുപൊള്ളുന്ന വേനലിൽ
പാഞ്ഞെത്തുന്ന വേനൽമഴ
കുളിർമ പകരാൻ ഒരു
ഉണർവേകാൻ ഓടി -
യെത്തുന്ന വേനൽമഴ
ചൂടുകൂടുന്ന കാലാന്തരത്തിൽ
മഞ്ഞുതുള്ളികൾ പോലെ
കുളിർമ വിതയ്ക്കാൻ
ഓടിയെത്തുന്ന മഴ
ഒരായിരം തുവൽസ്പർശം
എത്തുന്നത വർണ്ണമഴ
ആ മഴ വേനൽതൻ
ശ്രുതികുറച്ച
സംഗീതമായി പാടി
വേനല്മഴയായ് ചൊല്ലി
എൻ കവിൾ തടത്തിൽ
വന്നുമ്മ വെച്ചുകൊണ്ടിരുന്ന
ഓരോ മാണിക്യരത്നങ്ങളാകുന്ന
തുള്ളികൾ മെല്ലെ മെല്ലെ
അകന്നുകൊണ്ടിരിക്കെ
രണ്ടോ മൂന്നോ തുള്ളികൾ
മാത്രം ബാക്കിയാക്കി
അവർ മറഞ്ഞു ...........

ആസിയ 9D

# ജീവിതം

ജീവിതം നന്മയോടെ
പുലർത്തുവാൻ
ഭൂമിയിൽ മനുഷ്യനെ
സൃഷ്ടിക്കുന്നു ദൈവം
കാരുണ്ണ്യവും സ്നേഹവും
പ്രപഞ്ചത്തിൽ ദാന-
മായി നൽകുന്നു.
തെറ്റും ശരിയും മെല്ലെ
തിരിച്ചറിഞ്ഞു പ്രവർത്തിക്കുന്നു
വികാരമുണ്ടായാൽ
വിവേകമുണ്ടാകണമെന്നാണ്
നമ്മൾ മനസ്സിലുറപ്പിക്കേണ്ടത്.
ജീവിതത്തിന്റെ മാതൃ-
കയാണ് അമ്മ
അതിനൊരു നാശവും
സംഭവിക്കാതെ നോക്കണം
ജീവനാണ് അമ്മ
എല്ലാമാണ് അമ്മ
പ്രകൃതി സസ്യ-
ജാലങ്ങളാണ് അമ്മ

ആശ.എസ്

# അമ്മ



അമ്മയെന്നുള്ള രണ്ടക്ഷരത്തിൽ വില
അറിയാതെഅറിയുന്നു ഇന്നുഞാനും
മനസിന്റെയുള്ളിലെ മായാത്ത ഓർമയായ്
എന്നുമെന്നുള്ളിൽ നിറഞ്ഞുനിൽക്കും
നഷ്ടബോധത്തിന്റെ തീച്ചൂളയിൽപ്പെട്ടു
ഉഴലുകയാണുഞാൻ പാരിടത്തിൽ .

മാണിക്യമല്ലവൾ, മാര്‍തകമല്ലവൾ
ഇന്നുമെന്നുള്ളിലെ ജീവശ്വാസം
കണ്ണീർ വിരിഞ്ഞൊരാ ജീവിത പാടത്ത്
പൊൻകതിർ തൂകിയ വസന്ത പീഠം
അറിവിന്റെഅക്ഷരം പകർന്നു തന്നു എന്നിൽ
പുതുജീവൻ നൽകിയ ഗുരുനാഥ

അറിയാതെ ഞാൻ ചെയ്ത തെറ്റുകളോരോന്നും
സ്നേഹമായ് ചൊല്ലിതിരുത്തിയമ്മ
ഉണ്മയും വെണ്മയും മണിനാദം മീട്ടുന്ന
മാണിക്യ വീണയാണന്നമ്മ .

എന്നെന്നും മായാത്ത ഓർമ്മയല്ലേ
എന്നെന്നും ഹൃത്തിലെ സ്നേഹമല്ലേ
സ്‌നേഹത്തിൻ പാഠങ്ങൾ ചൊല്ലിപ്പടിപ്പിച്ചും
നന്മതൻ സ്നേഹാക്ഷരം പകർന്നും
എന്നെ ഞാനാക്കിയ പൊൻതാരകം അമ്മ

എന്നെ ഞാനാക്കിയ പൊൻതാരകം .

തിരകൾ കരകളെ ചുഴറ്റെടുക്കുംപോലെ
വേര്പാടിനകലം തൊട്ടുണർത്തുമ്പോൾ
അറിയുന്നു ഞാനുമീ വേര്പാടിന് വേദന
അറിയുന്നു ഞാനുമീ വേര്പാടിന് വേദന .
ഓർമ്മതൻ ചിരാതുകൾ എന്നുള്ളിൽ തെളിയുവാൻ
മിന്നലയെത്തുന്നു പർവ്വനെന്തു
കർപ്പൂരനാളമായ് എന്നുള്ളിലെരിയുന്നു
നിത്യവും ശോഭയിൽ മുക്കിടുന്നു
പാടാത്ത വീണതൻ പാട്ടുപോലെ
ഈണമായ് മാറുന്ന ചിന്തകളെ
കത്തിജ്വലിപ്പിച്ചുനര്ത്തിയെന്നിലെ കനവുകളിൽപടർത്തിയമ്മ
വിണ്ണിൽ തെളിയുന്ന താരകം കാണുമ്പോൾ
ഉള്ളിൽ തെളിയുന്നു നിൻ വദനം
ഒളിമങ്ങാതെ നിറതേജസായിന്നുമെൻ
അകതാരിൽ നിറയുന്നു നിന്റെ ചിത്രം
അലകളടങ്ങാത്ത സാഗരംപോലെന്നും
അലയടിച്ചെത്തുന്ന നിന്നോർമകൾ
മറക്കുവാനാകില്ല പ്രപഞ്ചസത്യംപോലെ
നിലകൊള്ളുമെന്നമ്മ ഹൃത്തടത്തിൽ

*ലൈന പി എസ്*


# മറക്കൂ...ആ ദുരന്തത്തെ

പോയി എൻ സ്വപ്നങ്ങൾ സകലവും
പടരുന്ന പേനയിൻ മുനമ്പിലെ മഷിപോൽ
പാഠപുസ്തകത്തിന്റെ അഭിരുചി
ആ വെള്ളപ്പാച്ചിലിൽ ഒഴുകിപ്പോയി വിദ്യ അഭ്യസിക്കുന്ന വിദ്യാലയങ്ങൾ
ജീവൻരക്ഷാ കവാടങ്ങളായി മാറിയ ദിനങ്ങൾ
ഒറ്റ ചോറ്റുപാത്രത്തിൽ നിന്ന്
ആർത്തിയോടെ ആഹാരം കഴിച്ച നേരം
സർവ സ്ഥലത്തും വെള്ളത്താൽ ചുറ്റപ്പെട്ടു
എന്നിരുന്നാലും ;ഒരു കവിള് കുടിപ്പാൻ ഇല്ലായിരുന്നു
ഒരു വിളക്കിനു ചുറ്റും ഇരുന്നു
വിശേഷങ്ങൾ പങ്കുവെച്ച നിമിഷങ്ങൾ
ഒരു പുതപ്പിൻകീഴിൽ
തലചായ്ച്ച് ഉറങ്ങിയ രാത്രികൾ
പരിഹസിച്ചു മാറ്റിനിർത്തിയ മുഖങ്ങൾ
ദൈവതുല്യമായ് മാറിയ ദിനങ്ങൾ മനോഹരമായ പ്രകൃതിവർണങ്ങൾ
ഇന്ന് ;വിവരണാതീതമായ രീതിയിൽ നശിച്ചു
എൻ ജീവിതം പൊലിഞ്ഞുപോയപ്പോൾ
എൻ മനസ്സിൽ തോന്നുന്നു
ഇല്ല !ഒരിക്കലും ദുരന്തത്തെ കുറ്റപെടുത്തില്ല
കുറ്റപ്പെടുത്താൻ നാം യോഗ്യരല്ല
നാം ചെയ്തതിനു ,അനുഭവിക്കാനെ സാധിക്കൂ
വരുംകാലദിനങ്ങളിൽ നമുക്ക്
പ്രകൃതിയെ സ്നേഹിക്കാം ദിനങ്ങൾക്കായ് പരിശ്രമിക്കാം

# സൗഹൃദം

ഓർമ്മതൻ ചെപ്പുകൾ കോരിത്തരിക്കുമ്പോൾ
ഒരു നൂറോർമകൾ മനസ്സിൽ വന്നെത്തുന്നു
അറിയാതെ ഓർക്കുന്നു ആ കുട്ടിക്കാലത്തെ
തളരാത്ത സ്നേഹവും വാശിയും ദേഷ്യവും
അറിയാതെ അലിഞ്ഞ സൗഹൃദത്തെ
നുള്ളിയും പിച്ചിയും ചിരിച്ചും കളിച്ചും
കൂട്ടായ് നിഴലായ കൂട്ടുകാരെ ......
താങ്ങും തണലും സന്തോഷവും നൽകി
പതറാതെ വയ്യന്റെ ഉള്ളം തുടിക്കുന്നു .
ആ കൊച്ചുകാലം തിരിച്ചുകിട്ടാൻ മദ്യം ഒരു സാമൂഹിക വിപത്ത്
നിസ്വാർത്ഥ സ്നേഹത്തിന്റെ പര്യായമായൊ-
രു ബാല്യകാലത്തിന്റെ ശീതമയം .

സാറാ അന്ന വിൽസൺ


By
Fathima. N
IX. D

# മദ്യം ഒരു സാമൂഹിക വിപത്ത്

മദ്യം സമൂഹത്തിന്റെ വിപത്തായി മാറിക്കഴിഞ്ഞിരിക്കുന്നു . കുട്ടികൾ മുതൽ വൃദ്ധർ വരെ മദ്യത്തിന് അടിമയാണ് . കേവലം കൂട്ടുകാരുടെ നിർബന്ധത്തിനു വഴങ്ങി ഒരു ദിവസം രുചിച്ചു നോക്കുന്നവർ പിന്നീട് തങ്ങളുടെ ജീവിതത്തിൽ നിന്ന് ഇതിനെ പറിച്ചുമാറ്റാൻ കഴിയാത്തരീതിയിലേക്ക് കടന്നുപോകുന്നു . ഉപരിപഠനത്തിനായി വീടുവിട്ട് മാതാപിതാക്കളെയും സഹോദരങ്ങളെയും വിട്ടുപോകുന്ന കുട്ടികൾ കൂട്ടുകെട്ടിലകപ്പെട്ട് മാതാപിതാക്കൾ പഠനചിലവിനുവേണ്ടി അയച്ചുകൊടുക്കുന്ന പണം മദ്യത്തിനും മയക്കുമരുന്നിനും വേണ്ടി ദുർവിനയോഗം ചെയ്ത് തങ്ങളുടെ പഠനം പോലും പൂർത്തിയാക്കാൻ കഴിയാതെ ഭാവിയെ നശിപ്പിക്കുന്ന കാഴ്ച നമ്മുടെ സമൂഹത്തിലെ ഒരു പതിവ് സംഭവമായി മാറിക്കഴിഞ്ഞിരിക്കുന്നു .

വിവാഹം കഴിച്ചു കുടുംബം പുലർത്തേണ്ട കാലത് മദ്യത്തിന്റെ ലഹരിയിൽ കൂട്ടുകാരോടൊപ്പം ചേർന്ന് കൂത്താടി നടക്കുന്നു .മദ്യപാനത്തിലൂടെ കുടുംബബന്ധങ്ങൾ ചിന്നിച്ചിതറുന്നു .ഇത് മുഖാന്തരം ഓരോ കുഞ്ഞുങ്ങളും അനാഥരാകുന്നു .മദ്യപാനത്തിലൂടെ ഒരു മനുഷ്യൻ തന്റെ കുടുംബത്തിൽ നിന്നും സമൂഹത്തിൽ നിന്നും വെറുക്കപ്പെടുന്നു . വിവാഹമോ മരണമോ എന്നില്ലാതെ അവരുടെ സന്തോഷങ്ങളും ദുഃഖങ്ങളും അവർ മദ്യവുമായി പങ്കുവെയ്ക്കുന്നു .അതിലൂടെ അവർ സന്തോഷം കണ്ടെത്തുന്നു .ആൺ പെൺ വ്യത്യാസമില്ലാതെ ഏവരും മദ്യലഹരിയിൽ ആണ്ടുപോയിരിക്കുന്നു .ലോക രാഷ്ട്രങ്ങളെ വെച്ചുനോക്കിയാൽ "ദൈവത്തിന്റെ സ്വന്തം നാടായ "കേരളത്തിൽ തന്നെയാണ് കോടിക്കണക്കിന് രൂപയുടെ മദ്യവിൽപ്പന നടക്കുന്നത് .മദ്യപാനത്തിലൂടെ ഒരു ജീവിതവും ജീവിതത്തിലൂടെ ഒരു കുടുംബവും കുടുംബത്തിലൂടെ ഒരു സമൂഹവും നശിക്കുന്നു .

സ്മിത

10 D




വാർഷികം



# *THANKS*